

TUESDAY 17/12/2024 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor: Nizam S A** **Editor: Dr. Binu Harriet Ivan**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/12/2024

1. ഈ വർഷത്തെ 'കരപ്പുറം കാഴ്ച്ച' കാർഷിക പ്രദർശന-വിപണന, സാംസ്കാരിക, കലാമേള ഡിസംബർ 20 മുതൽ 29 വരെ ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് മൈതാനത്ത് നടക്കുന്നു. നൂറിലധികം പ്രദർശന വിപണന സ്റ്റാളുകൾ, കാർഷിക സെമിനാറുകൾ, ബി 2 ബി മീറ്റുകൾ, ഇൻകുബേറ്റർ സെൻ്റർ, കാർഷിക വായ്പാ സഹായകേന്ദ്രങ്ങൾ, കാർഷിക പഠന ക്ലാസുകൾ, തദ്ദേശീയ കലാകാരന്മാരുടെ കലാസാംസ്കാരിക പരിപാടികൾ എന്നിവ കരപ്പുറം കാഴ്ചയോടനുബന്ധിച്ച് നടക്കുന്നു.

2. ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം ജില്ലയിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ മേഖലാ സഹകരണ ക്ഷീരോൽപാദക യൂണിയൻ, കേരള ഫീഡ് സ് ലിമിറ്റഡ്, കെ.എൽ.ഡി.ബോർഡ്, സർവീസ് സഹകരണ സംഘങ്ങൾ എന്നിവയുടെ സഹകരണത്തോടെ തിരുവനന്തപുരം റൂറൽ ബ്ലോക്കിലെ തിരുവല്ലം ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ തിരുവനന്തപുരം ജില്ല ക്ഷീരസംഗമം 2024-25 തിരുവല്ലം ജാനകി ആഡിറ്റോറിയത്തിൽ വച്ച് 2024 ഡിസംബർ 17, 18 തീയതികളിൽ വിവിധ പരിപാടികളോടെ നടത്തുന്നു. പ്രസ്തുത പരിപാടിയിൽ കന്നുകാലി പ്രദർശനം, മൃഗസംരക്ഷണ ക്ഷീരവികസന കാർഷിക എക് സിബിഷൻ, സെമിനാറുകൾ, ശില്പശാല, ഡെയ്റി ക്വിസ്, ക്ഷീരസംഗമം, ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി ഉദ്ഘാടനം, ക്ഷീരകർഷകരെ ആദരിക്കൽ. അവാർഡ്ദാനം. കലാസന്ധ്യ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നു. നാളെ (18-12-2024) നടക്കുന്ന ജില്ലാ ക്ഷീരസംഗമം 2024-25ന്റെ ഉദ്ഘാടനം പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ. അനിലിന്റെ സാന്നിധ്യത്തിൽ ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ.

ചിഞ്ചുറാണി നിർവഹിക്കുന്നു. എം.പി ശശി തരൂർ, എം.എൽ.എ മാരായ ആൻറണി രാജു, കടകംപള്ളി സുരേന്ദ്രൻ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, സഹകാരികൾ, ഉദ്യോഗസ്ഥ പ്രമുഖർ, ക്ഷീരകർഷകർ തുടങ്ങിയവർ പങ്കെടുക്കുന്നു.

3. സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ഡിസംബർ 18 മുതൽ 20 വരെ ഇടുക്കി, പൈനാവ് അതിഥി മന്ദിരത്തിൽ വച്ച് ഇടുക്കി ജില്ലയിലെ കർഷകർക്കായുള്ള സിറ്റിങ് നടത്തും. ഹിയറിങ്ങിന് ഹാജരാകുവാൻ നോട്ടീസ് ലഭിച്ചവർ ആവശ്യമായ രേഖകൾ സഹിതം കൃത്യ സമയത്ത് ഹാജരാകേണ്ടതാണ്. രാവിലെ 9 മണിക്ക് സിറ്റിങ് ആരംഭിക്കും.

4. നാളികേര വികസന ബോർഡിന്റെ കേര സുരക്ഷാ ഇൻഷുറൻസ് പദ്ധതി തെങ്ങുകയറ്റ തൊഴിലാളികൾക്കും, നീര ടെക്നീഷ്യൻമാർക്കും പരമാവധി ഏഴ് ലക്ഷം രൂപ വരെ അപകട ഇൻഷുറൻസ് പരിരക്ഷ നൽകുന്നു. ഈ പദ്ധതിയിൻ കീഴിൽ ഇതുവരെ അഞ്ച് ലക്ഷം രൂപയാണ് ഇൻഷുറൻസ് പരിരക്ഷയായി നൽകിയിരുന്നത്. രണ്ട് ലക്ഷം രൂപ വരെ ചികിത്സാ ചിലവുകൾക്കുള്ള ധനസഹായമായും ലഭിക്കും. 18 നും 65 നും ഇടയിൽ പ്രായമുള്ള തെങ്ങുകയറ്റ തൊഴിലാളികൾക്കും, നീര ടെക്നീഷ്യൻമാർക്കും ഒരു വർഷത്തേക്ക് ഗുണഭോക്തൃ വിഹിതമായ 239/- രൂപ വാർഷിക പ്രീമിയമായടച്ച് ഇൻഷുറൻസ് പരിരക്ഷ നേടാവുന്നതാണ്. നാളികേര വികസന ബോർഡിന്റെ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് ഈ പദ്ധതി പ്രകാരം ആദ്യ വർഷം ഇൻഷുറൻസ് പരിരക്ഷ സൗജന്യമായി ലഭിക്കും. കൃഷി ഓഫീസർ/പഞ്ചായത്ത് പ്രസിഡൻറ്/കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ ഭാരവാഹികൾ/ സിപി സി ഡയറക്ടർ തുടങ്ങിയവർ ആരെങ്കിലും സാക്ഷ്യപ്പെടുത്തിയ അപേക്ഷ ഫോറം, വയസ്സ് തെളിയിക്കുന്ന രേഖയോടൊപ്പം, ഡിമാൻഡ് ഡ്രാഫ്റ്റ് അല്ലെങ്കിൽ ഓൺലൈൻ പേയ്മെൻറ് സഹിതം ചെയർമാൻ, നാളികേര വികസന ബോർഡ്, കേര ഭവൻ, എസ്ആർവി റോഡ്, കൊച്ചി - 682011, എന്ന വിലാസത്തിൽ

അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് നാളികേര വികസന ബോർഡിന്റെ വെബ്സൈറ്റിലോ www.coconutboard.gov.in, സ്റ്റാറ്റിസ്റ്റിക്സ് വിഭാഗവുമായോ, 0484-2377266, Ext. 255 ബന്ധപ്പെടുക.

5. ക്ഷീര വികസന വകുപ്പ് 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട വിവിധ സ്കീമുകൾക്കായി, ക്ഷീരശ്രീ പോർട്ടൽ ksheerasree.kerala.gov.in മുഖേന 16.12.2024 മുതൽ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

6. മൃഗസംരക്ഷണ വകുപ്പിൻ്റെ പദ്ധതികൾക്കും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതികൾക്കും കോഴികുഞ്ഞങ്ങളെ വിതരണം ചെയ്യുന്നതിനും നിലവിൽ അംഗീകാരമുള്ള ജില്ലയിലെ എഗ്ഗർ നഴ്സറികളുടെ അംഗീകാരം 2 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിനും, പുതിയ എഗ്ഗർ നഴ്സറികൾക്ക് അംഗീകാരം നൽകുന്നതിലേയ്ക്കമുള്ള അപേക്ഷ ജില്ലയിലെ എഗ്ഗർ നഴ്സറി ഉടമകളിൽ നിന്നും ക്ഷണിച്ചു. താത്പര്യമുള്ളവർ അടുത്തുള്ള മൃഗാശുപത്രിയിൽ നിശ്ചിത മാതൃകയിലുള്ള അപേക്ഷ തയ്യാറാക്കി, പഞ്ചായത്തിൽ നിന്നുമുള്ള ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള സാക്ഷ്യപത്രം, കരാർ പത്രം, കോഴി വളർത്തലിൽ പരിശീലനം ലഭിച്ചതിൻ്റെ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ ഡിസം. 20 നകം സമർപ്പിക്കണമെന്ന് ജില്ലാ മൃഗസംഹക്ഷണ ഓഫീസർ അറിയിച്ചു.

7. ഈടില്ലാതെ നൽകുന്ന കാർഷിക വായപയുടെ പരിധി ഉയർത്തി റിസർവ് ബേങ്ക് ഓഫ് ഇന്ത്യ. വായ്പ തുക 1.6 ലക്ഷത്തിൽനിന്ന് രണ്ടുലക്ഷം രൂപയായാണ് വർധിപ്പിച്ചത്. വർധനവ് ജനുവരി ഒന്നുമുതൽ പ്രാബല്യത്തിലാകും. പണപ്പെരുപ്പവും കൃഷിച്ചെലവ് ഉയർന്നതും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെറുകിട കർഷകരെ പ്രതിസന്ധിയിലായ സാഹചര്യത്തിലാണ് വായ്പ തുക ഉയർത്തിയത്. 2019 ൽ ഒരു ലക്ഷത്തിൽനിന്ന് 1.6 ലക്ഷമാക്കി പുതുക്കിയ പരിധിയാണ് ഇപ്പോൾ രണ്ടുലക്ഷമാക്കിയത്. മാർഗനിർദേശം വേഗത്തിൽ നടപ്പാക്കാനും പുതിയ വായ്പ വ്യവസ്ഥകൾ സംബന്ധിച്ച് വ്യാപക പ്രചാരണം നടത്താനും ബേങ്കുകൾക്ക് നിർദേശം നൽകിയതായി അധികൃതർ അറിയിച്ചു. ചെറുകിട നാമമാത്ര ഭൂവുടമകളായ 86 ശതമാനം കർഷകർക്ക് ഇതിൻ്റെ ഗുണം ലഭിക്കുന്നതാണ്.

**പരിശീലന പരിപാടി**

8. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഡിസംബർ മാസം 17, 18 തീയതികളിൽ മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിലും 21ന് കാട വളർത്തൽ എന്ന വിഷയത്തിലും പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ 0471 2732918 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം